"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ്- വാർഷിക പദ്ധതി 2026-27- സംസ്ഥാന ഭവനനിർമ്മാണ ബോർഡ്- തന്റെയിടം പദ്ധതി- ഭരണാനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.30/2026/HSG തീയതി,തിരുവനന്തപുരം, 03-10-2026

---

പരാമർശം:-

1. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 06.08.2026-ലെ KSHB-HO/338/2025-AEE(PLANNING) നമ്പർ കത്ത്.
2. 18.08.2026-ൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

**ഉത്തരവ്**

സർക്കാർ/സർക്കാരിതര ക്ഷേമ സ്ഥാപനങ്ങളിൽ താമസിക്കുന്ന ഭവനരഹിതരായ കുട്ടികൾ 18 വയസ്സ് പൂർത്തിയാകുന്നതോടെ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും പുറത്തേക്ക് പോകേണ്ടിവരുന്ന സാഹചര്യത്തിൽ, അവർക്ക് സുരക്ഷിതമായ താമസസൗകര്യം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ വനിതാ ശിശു വികസന വകുപ്പുമായി സഹകരിച്ച് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്ന **'തന്റെയിടം' പദ്ധതി**ക്കായി 2026-27 സാമ്പത്തിക വർഷത്തിൽ 4216-80-800-95(02) എന്ന ശീർഷകത്തിൽ ₹2,00,00,000/- (രണ്ട് കോടി രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ബോർഡിന്റെ അനുയോജ്യമായ ഭവന പദ്ധതികളിൽ നിന്നും 10 യൂണിറ്റുകൾ വനിതാ ശിശു വികസന വകുപ്പ് ശിപാർശ ചെയ്യുന്ന 10 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് ₹2,00,00,000/- (രണ്ട് കോടി രൂപ മാത്രം)-ക്ക് ഭരണാനുമതി നല്കുവാൻ ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി പരാമർശം (1) പ്രകാരം അഭ്യർത്ഥിക്കുകയും, പരാമർശം (2) പ്രകാരം ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം, പ്രസ്തുത പ്രൊപ്പോസൽ വിശദമായി പരിഗണിയ്ക്കുകയും ഭരണാനുമതി നല്കുന്നതിന് അംഗീകാരം നല്കുകയുമുണ്ടായി.

2. മേൽ സാഹചര്യത്തിൽ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ അധീനതയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഭവന പദ്ധതികളിൽ, നിർമ്മാണം പൂർത്തീകരിച്ചതോ. പൂർത്തീകരണഘട്ടത്തിലുള്ളതോ ആയ അനുയോജ്യമായ പാർപ്പിടയൂണിറ്റുകളിൽ നിന്നും, വനിതാ ശിശു വികസന വകുപ്പ് ശിപാർശ ചെയ്യുന്ന 10 ഗുണഭോക്താക്കൾക്ക് വീട്/ഫ്ലാറ്റുകൾ നല്കി, 4216-80-800-95(02) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ₹2,00,00,000/- (2 കോടി രൂപ മാത്രം)-യിൽ നിജപ്പെടുത്തി പദ്ധതി വ്യവസ്ഥകൾക്കും, ചുവടെ ചേർക്കുന്ന നിബന്ധന/വ്യവസ്ഥകൾക്കും വിധേയമായി, തന്റെയിടം പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. പദ്ധതിയുടെ നിർവ്വഹണ ഏജൻസി സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ആയിരിക്കും. ബോർഡിന്റെ നിരീക്ഷണ സംവിധാനം പദ്ധതി നടത്തിപ്പിനും ഗുണഭോക്താക്കൾക്ക് സമയബന്ധിതമായും കൃത്യമായും യൂണിറ്റുകൾ കൈമാറുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും ഉപയോഗപ്പെടുത്തേണ്ടതാണ്.

ii. പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നിലവിലുള്ള ഉത്തരവുകളും നിയമപരമായ വ്യവസ്ഥകളും പാലിച്ച് സുതാര്യമായ രീതിയിൽ നടപ്പിലാക്കേണ്ടതാണ്.

iii. പദ്ധതി ചെലവുകൾ നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ അധികരിക്കാൻ പാടില്ലാത്തതും, അനുവദിച്ച ശീർഷകത്തിൽ വകകൊള്ളിച്ചിട്ടുള്ള തുക മാത്രം ചെലവഴിക്കേണ്ടതുമാണ്.

iv. ആവശ്യകതയുടെ അടിസ്ഥാനത്തിൽ മാത്രം തുക പിൻവലിക്കേണ്ടതും ലഭിച്ച തുക ബാങ്കുകളിൽ നിലനിർത്താൻ പാടില്ലാത്തതുമാണ്.

v. ഈ പദ്ധതിയുടെ കാലാവധി ഒരു വർഷം ആയിരിക്കും. സ്റ്റോർ പർച്ചേസ് നിയമങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
വനിതാ ശിശു വികസന വകുപ്പ്
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ധനകാര്യ (പി.യു.സി) വകുപ്പ്
ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Krishnakumar S
Date: 03-10-2026
14:46:11

സെക്ഷൻ ഓഫീസർ